# തമിഴ്നാട്ടിൽ കൊപ്ര സംഭരിക്കാൻ ടാൻഫെഡ്

കൊച്ചി● തമിഴ്നാട്ടിൽ താങ്ങുവിലയ്ക്കു കൊപ്ര സംഭരിക്കുന്നതിനു തമിഴ്നാട് കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷനെ (ടാൻഫെഡ്) കേന്ദ്രസർക്കാർ ചുമതലപ്പെടുത്തി. ആട്ടു കൊപ്ര കിലോയ്ക്ക് 51 രൂപയും ഉണ്ട കൊപ്രയ്ക്ക് 53.50 രൂപയുമാണു താങ്ങുവില. ഒരേ താങ്ങുവില ലഭിക്കുന്നതിനാൽ തമിഴ്നാട്ടിൽ നിന്നു കേരളത്തിലേക്കുള്ള കൊപ്ര വരവു കുറയും.